"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 12-10-2020

**സർക്കുലർ നം 81**

കോവിഡ് രോഗ നിയന്ത്രണത്തിനായി ജയിൽ വകുപ്പദ്ധ്യക്ഷൻ പ്രത്യേക താൽപര്യത്തോടെ നടപ്പിലാക്കിയ മാതൃകാപരമായ പദ്ധതിയാണ് CFLT സെൻ്ററുകൾ.

ഓരോ കേന്ദ്രത്തിനും ഡ്യൂട്ടി ക്രമം സംബന്ധിച്ചും നടപടി ക്രമങ്ങൾ സംബന്ധിച്ചും നിയന്ത്രണ നിർവ്വഹണം സംബന്ധിച്ചും വളരെ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ തൃശ്ശൂർ ജില്ലയിലെ CFLT സെൻ്ററിനെതിരെ ഉണ്ടായിരിക്കുന്ന വിവാദങ്ങളുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ എല്ലാ ജയിൽ മേധാവികളെയും അറിയിക്കുന്നു.

1. ഇന്നു മുതലുള്ള 2 ദിവസങ്ങളിലായി ഡി.ജി.പി & സി.എസ് നേരിട്ട് എല്ലാ CFLT സെൻ്ററുകളും പരിശോധിക്കുന്നതും ശ്രദ്ധയിൽപെടുന്ന വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരായും ചാർജ്ജുള്ള സൂപ്രണ്ടുമാർക്കെതിരായും കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

2. എല്ലാ CFLT സെൻ്ററുകളിലും അസി. സൂപ്രണ്ട് ഗ്രേഡ് I / ഗ്രേഡ് II ഉദ്യോഗസ്ഥർക്ക് രാത്രിയും പകലും മേൽനോട്ടച്ചുമതല നൽകി അതാത് മേഖല ഡി.ഐ.ജി മാർ ഇന്നു തന്നെ ഉത്തരവ് നൽകേണ്ടതാണ്. ഇത്തരത്തിൽ 7 ദിവസത്തേക്ക് ഡ്യൂട്ടി നിശ്ചയിച്ചു നൽകുകയും ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥരെയും ടേൺ അനുസരിച്ച് പ്രസ്തുത ജോലിക്ക് നിയോഗിക്കേണ്ടതും അനന്തരം ആവശ്യത്തിന് വിശ്രമം അനുവദിക്കേണ്ടതുമാണ്.

3. പുതുതായി ജോലിക്കെത്തിയവരോ പരിശീലനം ലഭിക്കാത്തവരോ ആയ അസി. പ്രിസൺ ഓഫീസർമാർ/ അസി. സൂപ്രണ്ടുമാർ എന്നിവരെ ടി ജോലിയ്ക്ക് നിയോഗിക്കരുത്.

4. ചാർജ്ജുള്ള സൂപ്രണ്ടുമാർ CFLT സെൻ്ററുകളിൽ എല്ലാ ദിവസവും ഒരു നേരമെങ്കിലും സന്ദർശിക്കേണ്ടതാണ്. മേഖലാ ഡി.ഐ.ജി മാർ 15 ദിവസത്തിലൊരിക്കൽ CFLT സെൻ്ററുകൾ സന്ദർശിച്ച് വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും റിപ്പോർട്ട് ഡി.ജി.പി & സി.എസ് - ന് സമർപ്പിക്കേണ്ടതുമാണ്.

5.CFLT സെൻ്ററുകളുടെ സുരക്ഷ കൃത്യമായി പാലിക്കുന്നതോടൊപ്പം അവിടെ പ്രവേശിപ്പിക്കപ്പെടുന്ന തടവുകാരെ കുറ്റമറ്റ നിലയിലും മാനുഷിക പരിഗണനയും അവകാശങ്ങളും ഉറപ്പു വരുത്തിയും പരിപാലിക്കുന്നതിൽ ഒരു തരത്തിലുള്ള വീഴ്ചകളും അനുവദിക്കുന്നതല്ല. ഏതെങ്കിലും തരത്തിലുണ്ടാകുന്ന പരാതികൾക്ക് മേൽ വിട്ടുവീഴ്ചയില്ലാത്ത അന്വേഷണം നടത്തി നടപടി ശുപാർശ ചെയ്യാനുള്ള അധികാരം മേഖലാ ഡി.ഐ.ജി മാർക്കുണ്ടായിരിക്കുന്നതാണ്

DIG(HQ)-23393/2020/PrHQ

3ea455

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും